**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 220** **23-08-2022 - ൽ മറുപടിയ്ക്ക്**

**സർക്കാർ ആശുപത്രികളിലെ മരുന്ന് ക്ഷാമം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.പി. കെ. ബഷീർ | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ സർക്കാർ ആശുപത്രികളിൽ മരുന്ന് ക്ഷാമം രൂക്ഷമാണെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) | സംസ്ഥാനത്തെ സർക്കാർ ആശുപത്രികളിൽ ചില മരുന്നുകൾക്ക് ലഭ്യതക്കുറവ് നേരിട്ടിരുന്നു. കോവിഡ് മഹാമാരിയുമായി ബന്ധപ്പെട്ട് ആശുപത്രികളിലെ മരുന്നുകളുടെ ഉപഭോഗത്തിൽ വലിയ വ്യത്യാസങ്ങൾ ഉണ്ടായി. രണ്ട് വർഷത്തോളം മിക്ക ആശുപത്രികളും പൂർണ്ണമായി കോവിഡ് ആശുപത്രികളായി പ്രവർത്തിച്ചു. കോവിഡ് ആശുപത്രികളായി പ്രവർത്തിച്ചിരുന്നയിടങ്ങളിൽ കോവിഡേതര മരുന്നുകളുടെ ഉപഭോഗം ഇക്കാലഘട്ടത്തിൽ കുറവായിരുന്നു. അതുകൊണ്ടു തന്നെ 2020-21, 2021-22 വർഷങ്ങളിൽ സംഭരിച്ച ജനറിക്ക് മരുന്നുകൾ പല ആശുപത്രികളിലും സംഭരണ കേന്ദ്രങ്ങളിലും സ്റ്റോക്കുണ്ടായിരുന്നു. കോവിഡിനെ തുടർന്ന് സർക്കാർ ആശുപത്രികളെ ആശ്രയിക്കുന്ന രോഗികളുടെ എണ്ണത്തിൽ വലിയ വർദ്ധനവ് ഉണ്ടായി. പനി, മൂക്കടപ്പ്, ചുമ മുതലായവയ്ക്കുള്ള മരുന്നുകൾ വലിയതോതിൽ ഉപയോഗിക്കപ്പെടുന്ന സാഹചര്യം ഉണ്ടായി. ആശുപത്രികൾ നൽകുന്ന ഇൻഡൻറിലും ഈ ഏറ്റക്കുറച്ചിലുകൾ പ്രതിഫലിക്കപ്പെട്ടു. ഈ സാഹചര്യം വിലയിരുത്തി മരുന്നുകളുടെ ലഭ്യതക്കുറവ് പരിഹരിക്കുവാൻ ഡയറക്ടേറ്റ് തലത്തിലും, ജില്ലാ തലത്തിലും കമ്മിറ്റി രൂപീകരിച്ച് പ്രസ്തുത മരുന്നുകൾ ലഭ്യമായ മറ്റ് ജില്ലകളിലെ സ്ഥാപനങ്ങളിൽ നിന്നും, കോർപ്പറേഷന്റെ ജില്ലാ മരുന്ന് സംഭരണ കേന്ദ്രങ്ങളിൽ നിന്നും കൈമാറ്റ പ്രക്രിയയിലൂടെ ടി ഇനങ്ങൾക്ക് കുറവ് നേരിട്ട് ജില്ല / സ്ഥാപനങ്ങളിൽ എത്തിച്ചിരുന്നു. മരുന്നിന്റെ സ്റ്റോക്ക് കൂടുതലുള്ള സ്ഥാപനങ്ങളിൽ നിന്നും ലഭ്യതക്കുറവ് അനുഭവപ്പെടുന്ന ആശുപത്രികളിൽ എത്തിച്ച് നൽകുകയുണ്ടായി. ഇതു കൂടാതെ കാരുണ്യ കമ്മ്യൂണിറ്റി ഫാർമസി മുഖേനയും, സമാന കോർപ്പറേഷൻ മുഖേനയും മരുന്നുകൾ സംഭരിച്ച |

| | | | |
|---|---|---|---|
| | | | നൽകിയിട്ടുണ്ട്. വിവിധ സ്കീമുകളിലൂടെയും രോഗികൾക്ക് മരുന്ന് ലഭ്യമാക്കി വരുന്നുണ്ട്. |
| (ബി) | എങ്കിൽ ആയത് പരിഹരിക്കുന്നതിനായി സ്വീകരിച്ച മാർഗങ്ങൾ എന്തെല്ലാമാണെന്ന് വെളിപ്പെടുത്തുമോ; | (ബി) | സംസ്ഥാനത്തെ സർക്കാർ ആശുപത്രികളിൽ ചില മരുന്നുകൾക്ക് ലഭ്യതക്കുറവ് നേരിട്ടിരുന്നു. കോവിഡ് മഹാമാരിയുമായി ബന്ധപ്പെട്ട് ആശുപത്രികളിലെ മരുന്നുകളുടെ ഉപഭോഗത്തിൽ വലിയ വ്യത്യാസങ്ങൾ ഉണ്ടായി. രണ്ട് വർഷത്തോളം മിക്ക ആശുപത്രികളും പൂർണ്ണമായി കോവിഡ് ആശുപത്രികളായി പ്രവർത്തിച്ചു. കോവിഡ് ആശുപത്രികളായി പ്രവർത്തിച്ചിരുന്നയിടങ്ങളിൽ കോവിഡേതര മരുന്നുകളുടെ ഉപഭോഗം ഇക്കാലഘട്ടത്തിൽ കുറവായിരുന്നു. അതുകൊണ്ടു തന്നെ 2020-21, 2021-22 വർഷങ്ങളിൽ സംഭരിച്ച ജനറിക് മരുന്നുകൾ പല ആശുപത്രികളിലും സംഭരണ കേന്ദ്രങ്ങളിലും സ്റ്റോക്കുണ്ടായിരുന്നു. കോവിഡിനെ തുടർന്ന് സർക്കാർ ആശുപത്രികളെ ആശ്രയിക്കുന്ന രോഗികളുടെ എണ്ണത്തിൽ വലിയ വർദ്ധനവ് ഉണ്ടായി. പനി, മൂക്കടപ്പ്, ചുമ മുതലായവയ്ക്കുള്ള മരുന്നുകൾ വലിയതോതിൽ ഉപയോഗിക്കപ്പെടുന്ന സാഹചര്യം ഉണ്ടായി. ആശുപത്രികൾ നൽകുന്ന ഇൻഡൻറിലും ഈ ഏറ്റക്കുറച്ചിലുകൾ പ്രതിഫലിക്കപ്പെട്ടു. ഈ സാഹചര്യം വിലയിരുത്തി മരുന്നുകളുടെ ലഭ്യതക്കുറവ് പരിഹരിക്കുവാൻ ഡയറക്ടേറ്റ് തലത്തിലും, ജില്ലാ തലത്തിലും കമ്മിറ്റി രൂപീകരിച്ച് പ്രസ്തുത മരുന്നുകൾ ലഭ്യമായ മറ്റ് ജില്ലകളിലെ സ്ഥാപനങ്ങളിൽ നിന്നും, കോർപ്പറേഷന്റെ ജില്ലാ മരുന്ന് സംഭരണ കേന്ദ്രങ്ങളിൽ നിന്നും കൈമാറ്റ പ്രക്രിയയിലൂടെ ടി ഇനങ്ങൾക്ക് കുറവ് നേരിട്ട് ജില്ല / സ്ഥാപനങ്ങളിൽ എത്തിച്ചിരുന്നു. മരുന്നിന്റെ സ്റ്റോക്ക് കൂടുതലുള്ള സ്ഥാപനങ്ങളിൽ നിന്നും ലഭ്യതക്കുറവ് അനുഭവപ്പെടുന്ന ആശുപത്രികളിൽ എത്തിച്ച് നൽകുകയുണ്ടായി. ഇതു കൂടാതെ കാരുണ്യ കമ്മ്യൂണിറ്റി ഫാർമസി മുഖേനയും, സമാന കോർപ്പറേഷൻ മുഖേനയും മരുന്നുകൾ സംഭരിച്ച് നൽകിയിട്ടുണ്ട്. വിവിധ സ്കീമുകളിലൂടെയും രോഗികൾക്ക് മരുന്ന് ലഭ്യമാക്കി വരുന്നുണ്ട്. |
| (സി) | ഒരു ആശുപത്രിയിലെ ആവശ്യത്തിന് ഇൻഡെന്റ് കൊടുത്തു വാങ്ങിയ മരുന്ന് മറ്റ് ആശുപത്രികൾക്ക് നല്കാൻ നിർദേശം നൽകിയിട്ടുണ്ടോ; വ്യക്തമാക്കുമോ; | (സി) | **ലഭ്യത കുറവ് അനുഭവപ്പെട്ട മരുന്നുകൾ സ്റ്റോക്ക് കൂടുതൽ ഉള്ള ആശുപത്രികളിൽ നിന്നും താൽക്കാലികമായി ടി ആശുപത്രികളുടെ പ്രവർത്തനത്തെ ബാധിക്കാത്ത വിധം മരുന്നുകളുടെ ലഭ്യത കുറവ് അനുഭവപ്പെട്ട ആശുപത്രികൾക്ക് Inter Institution Transfer ഉം Inter District Transfer ഉം നടത്തിയിട്ടുണ്ട്.** |
| | | | |

| | | | |
|---|---|---|---|
| (ഡി) | സർക്കാർ ആശുപത്രികളിൽ മരുന്ന് ക്ഷാമം ഉണ്ടാകാനിടയായ സാഹചര്യം എന്താണെന്നും ഇതിന്റെ കാരണക്കാർ ആരാണെന്നും കണ്ടെത്തിയിട്ടുണ്ടോ; അറിയിക്കുമോ; | (ഡി) | സാധാരണയായി അടുത്ത സാമ്പത്തിക വർഷത്തേയ്ക്കുള്ള മരുന്നിന്റെ ടെണ്ടർ നടപടികൾ നവംബർ,ഡിസംബർ മാസങ്ങളിലാണ് ആരംഭിക്കുന്നത്. പർച്ചേസ് ഓർഡർ ലഭിച്ച് 70 ദിവസത്തിനകം മരുന്ന് ലഭ്യമാക്കണമെന്നാണ് മാനദണ്ഡം. ഒരു സാമ്പത്തിക വർഷം ലഭ്യമാക്കിയ മരുന്നുകൾ ആ സാമ്പത്തിക വർഷം കഴിഞ്ഞ് ആഗസ്റ്റ് വരെ ഉപയോഗത്തിന് ലഭ്യമാകാറുണ്ട്. നടപ്പ സാമ്പത്തിക വർഷം (2022-23)സർക്കാർ ആശുപത്രികൾക്ക് ആവശ്യമായ ജനറിക് മരുന്നുകൾ സംഭരിച്ച് നൽകുന്നതിനുള്ള ദർഘാസ് 04/12/2021 ന് ക്ഷണിച്ചിരുന്നു. നടപടിക്രമങ്ങൾ പൂർത്തീകരിച്ച് വിതരണാനുമതി നല്കിയത് 2022 മെയ് മാസത്തിലായിരുന്നു. നടപടിക്രമങ്ങൾ പരിശോധനയ്ക്ക് വിധേയമാക്കുന്നതാണ്. |
| (ഇ) | സാധാരണക്കാർ കൂടുതലായി ആശ്രയിക്കുന്ന സർക്കാർ ആശുപത്രികളിൽ മരുന്ന് ക്ഷാമം മന:പൂർവ്വം സൃഷ്ടിച്ച് സ്വകാര്യ മരുന്ന് കമ്പനികളെയും മെഡിക്കൽ സ്റ്റോറുകളെയും സഹായിക്കുന്നതിനുള്ള ശ്രമം ആണോ ഉണ്ടായിരിക്കുന്നത് എന്നു പരിശോധിച്ചിട്ടുണ്ടോ; വെളിപ്പെടുത്തുമോ? | (ഇ) | **ഇക്കാര്യം പരിശോധിച്ചിട്ടില്ല.** |

സെക്ഷൻ ഓഫീസർ